**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3080** **18-03-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന തൊഴിലാളികളുടെ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. പി. മമ്മിക്കുട്ടി** | | **null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ മത്സ്യബന്ധനത്തിനിടെ കടലിൽവച്ചുണ്ടായ അപകടങ്ങളിൽ സംസ്ഥാനത്തെ എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; | (എ) | സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ മത്സ്യ ബന്ധനത്തിനിടെ അപകടത്തിൽപ്പെട്ട് 437 മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടിട്ടുണ്ട് |
| (ബി) | ഐ.എസ്.ആർ.ഒ.യുടെയും കെൽട്രോണിന്റെയും സാങ്കേതിക സഹായത്തോടെ നിർമ്മിച്ച ആയിരത്തി അഞ്ഞൂറ് കിലോമീറ്റർ ദൂരം വരെ വിവരങ്ങൾ കൈമാറുവാൻ കഴിയുന്ന നാവിക് എന്ന ഉപകരണം മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കടൽത്തീരത്ത് നിന്ന് 1500 കിലോമീറ്റർ വരെ അകലത്തിൽ വാർത്താവിനിമയം സാധ്യമാക്കുന്നതിന് ISRO വികസിപ്പിച്ചെടുത്ത നാവിക് ഉപകരണം 941 മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | കപ്പൽചാൽ വിട്ട് സഞ്ചരിക്കുന്ന കപ്പലുകൾ മത്സ്യത്തൊഴിലാളികളുടെ ജീവന് ഭീഷണിയാകുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | തെക്ക് പടിഞ്ഞാറൻ തീരത്ത് കഴിഞ്ഞ കാലങ്ങളിലുണ്ടായ അപകടങ്ങൾ, വാണിജ്യക്കപ്പലുകളുടെ കഴിഞ്ഞ കാലങ്ങളിലുള്ള സഞ്ചാരപഥം, നിലവിലെ സമുദ്ര പാതയിലൂടെ അനുവദിയ്ക്കാവുന്ന പരമാവധി എണ്ണം കപ്പലുകൾ (പ്രത്യേകിച്ച് കേരള തീരത്തെ ഫിഷിംഗ് പ്രഷർ കൂടി പരിഗണിച്ച്) എന്നിവ പരിശോധിച്ച് കേരള തീരത്തുനിന്നും 50 നോട്ടിക്കൽ മൈൽ അകലെക്കൂടി നിർദ്ദിഷ്ട കപ്പൽപ്പാത നടപ്പിലാക്കുന്നതാണ് അഭികാമ്യം എന്ന് കാണിച്ച് 2018 നവംബർ മാസത്തിൽ കേന്ദ്ര ഗവൺമെന്റിനും, ഷിപ്പിംഗ് ഡയറക്ടർ ജനറലിനും നിവേദനം നൽകിയിരുന്നു. 2018 ലെ KMFR Rule പ്രകാരം സെപ്റ്റംബർ 2019 മുതൽ എല്ലാ യന്ത്ര വല്കൃത മത്സ്യ ബന്ധന യാനങ്ങളിലും വെസ്സൽ ട്രാക്കിംഗ് ഡിവൈസ് (VTD/ ഓട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം (AIS) നിർബ്ബന്ധമാക്കിയിട്ടുണ്ട്. ഇപ്പോൾ പുതുതായി രജിസ്റ്റർ ചെയ്യുന്ന മത്സ്യബന്ധന യാനങ്ങൾ രെജിസ്ട്രേഷൻ നടത്തുന്ന സമയത്ത് AIS ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | തീരത്ത് നിന്നും 12 മുതൽ 20 നോട്ടിക്കൽ മൈൽ വരെയുള്ള അംഗീകൃത കപ്പൽ ചാലുകളിലൂടെ പോകാതെ തീരക്കടലിലേക്ക് കപ്പലുകൾ കയറി അപകടങ്ങൾ ഉണ്ടാക്കുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | തെക്ക് പടിഞ്ഞാറൻ തീരത്ത് കഴിഞ്ഞ കാലങ്ങളിലുണ്ടായ അപകടങ്ങൾ, വാണിജ്യക്കപ്പലുകളുടെ കഴിഞ്ഞ കാലങ്ങളിലുള്ള സഞ്ചാരപഥം, നിലവിലെ സമുദ്ര പാതയിലൂടെ അനുവദിയ്ക്കാവുന്ന പരമാവധി എണ്ണം കപ്പലുകൾ (പ്രത്യേകിച്ച് കേരള തീരത്തെ ഫിഷിംഗ് പ്രഷർ കൂടി പരിഗണിച്ച്) എന്നിവ പരിശോധിച്ച് കേരള തീരത്തുനിന്നും 50 നോട്ടിക്കൽ മൈൽ അകലെക്കൂടി നിർദ്ദിഷ്ട കപ്പൽപ്പാത നടപ്പിലാക്കുന്നതാണ് അഭികാമ്യം എന്ന് കാണിച്ച് 2018 നവംബർ മാസത്തിൽ കേന്ദ്ര ഗവൺമെന്റിനും, ഷിപ്പിംഗ് ഡയറക്ടർ ജനറലിനും നിവേദനം നൽകിയിരുന്നു. 2018 ലെ KMFR Rule പ്രകാരം സെപ്റ്റംബർ 2019 മുതൽ എല്ലാ യന്ത്ര വല്കൃത മത്സ്യ ബന്ധന യാനങ്ങളിലും വെസ്സൽ ട്രാക്കിംഗ് ഡിവൈസ് (VTD/ ഓട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം (AIS) നിർബ്ബന്ധമാക്കിയിട്ടുണ്ട്. ഇപ്പോൾ പുതുതായി രജിസ്റ്റർ ചെയ്യുന്ന മത്സ്യബന്ധന യാനങ്ങൾ രജിസ്ട്രേഷൻ നടത്തുന്ന സമയത്ത് AIS ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ